# എ.എൽ.പി. സ്കൂൾ

## മൂലപ്പള്ളി, നീലേശ്വരം

# അക്കാദമിക് പ്ലാൻ 2025-26



# വിദ്യാലയ വികസന പദ്ധതി

## 2025-26

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ.എൽ.പി.എസ്. മൂലപ്പള്ളി |
| സ്കൂൾ ഡയസ് കോഡ് | : | 320105200206 |
| ഉപജില്ല | : | ഹൊസ്ദുർഗ് |
| ജില്ല | : | കാസർഗോഡ് |
| ബി.ആർ.സി | : | ഹൊസ്ദുർഗ് |
| മുനിസിപ്പാലിറ്റി | : | നീലേശ്വരം |

# ആമുഖം

നീലേശ്വരം മുനിസിപ്പാലിറ്റിയിലെ മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം 1939 ൽ സ്ഥാപിതമായതാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളിനോടുള്ള ആഭിമുഖ്യം, സ്കൂളിനടുത്തു കൂടി കടന്നുപോകുന്ന ഇരട്ട റെയിൽപാത തുടങ്ങിയ കാരണങ്ങളാൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സ്ഥിതിയാണ് ഉള്ളത്. ഒരു കാലത്ത് മൂലപ്പള്ളിയിലേയും പടിഞ്ഞാറ്റം കൊഴുവലിലേയും കണ്ണമ്പാത്തി ഭാഗത്തുമുള്ള മുഴുവൻ കുട്ടികളും പഠിച്ചിരുന്നത് ഈ വിദ്യാലയത്തിലാണ്. 1939 ൽ ശ്രീ പുള്ളുവൻ തിടിൽ കണ്ണൻ എന്ന വ്യക്തി വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്ത് സാധാരണക്കാർക്കു വേണ്ടി ആരംഭിച്ചതാണ് ഈ വിദ്യാലയം. തുടക്കത്തിൽ ഒന്നു മുതൽ അഞ്ച് വരെയായിരുന്നു ക്ലാസ്സുകൾ. പിന്നീട് നാലാം ക്ലാസ്സ് വരെ ആവുകയും ഒരുപാട് പേർ പഠിച്ച് ഉന്നത നിലയിൽ എത്തുകയും ചെയ്തത് ഈ വിദ്യാലയത്തിന്റെ നേട്ടമാണ്. ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളിൽ പല പ്രമുഖരും ഉണ്ട്. പൂർവ്വ വിദ്യാർത്ഥിയായിരുന്ന ശ്രീമാൻ. പി. ബലരാജ് ഉന്നത വിദ്യാഭ്യാസത്തിന് ശേഷം അമേരിക്കയിൽ 'അറ്റാഷെ' പദവിയിൽ എത്തിയിട്ടുണ്ട്. ഡോക്ടർമാർ, എഞ്ചിനീയർമാർ, രാഷ്ട്രീയത്തിലെ ഉന്നത വ്യക്തിത്വങ്ങൾ ഇതൊക്കെ സ്കൂളിന്റെ നേട്ടമാണ്. ഇപ്പോൾ പ്രീപ്രൈമറി മുതൽ നാലാം ക്ലാസ്സുവരെ എഴുപതോളം കുട്ടികൾ ഇവിടെ പഠിക്കുന്നു. കുട്ടികൾ കുറവാണെങ്കിലും കലാമേള, കായികമേള, എൽ.എസ്.എസ്. പരീക്ഷ തുടങ്ങിയവയിൽ തങ്ങളുടേതായ സാന്നിധ്യം അറിയിക്കാറുണ്ട്.

നിലവിൽ 45 കുട്ടികൾ (പ്രീപ്രൈമറി ഉൾപ്പെടെ) പഠിക്കുന്നുണ്ട്. അഞ്ച് അധ്യാപികമാരിൽ മൂന്ന് പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. 60 കുട്ടികൾ ഇല്ലാത്തതിനാലാണ് പുതുതായി തസ്തിക അനുവദിച്ചു കിട്ടാത്തത്. ഏറെക്കാലം മനേജ്മെന്റ് തർക്കം സ്കൂളിന്റെ പുരോഗതിയെ സാരമായി ബാധിച്ചിരുന്നു. കഴിഞ്ഞ 2 വർഷമായി പുതിയ മാനേജ്മെന്റിന്റെ കീഴിൽ സ്കൂൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. വിദ്യലയത്തിന്റെ പഴയകാല പ്രൗഢി തിരിച്ചുകൊണ്ടുവന്ന് മികച്ച ഒരു വിദ്യാലയമാക്കി മാറ്റുന്നതിനു വേണ്ടി 'അക്കാദമിക് പ്ലാൻ 2025-26' സമർപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക.
2. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറിയും ഹൈടെക്ക് ആക്കൽ.
3. 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തിലൂന്നി ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കൽ.
4. ശാസ്ത്രീയമായ പ്രീ സ്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കൽ.
5. ആധുനിക സൗകര്യങ്ങളോടുകൂടിയ വായനാമുറികൾ, ലാബ് എന്നിവ ഉണ്ടാക്കൽ.
6. മലയാളം, ഇംഗ്ലീഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കൽ.
7. ഗണിതശേഷി വികസനം.
8. പഠനയാത്രകൾ.
9. കലാകായിക മേള.
10. ക്ലാസ് പി.ടി.എ. സജീവമാക്കൽ.
11. സ്കൂൾ പത്രം/മാസിക.
12. കുട്ടികളിലെ സാമൂഹീകരണം.
13. ജീവിത മൂല്യങ്ങൾ നേടുക.
14. സാമൂഹിക ഇടപെടലിലൂടെ നന്മ തിരിച്ചറിയുകയും നിയമങ്ങൾ അനുസരിക്കാനുമുള്ള മനോഭാവം.

# ഉപസംഹാരം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് പൊതു വിദ്യാലയങ്ങളും പൊതു ഇടങ്ങളും നമുക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്ക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ പരിഹാരം സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ അക്കാദമികരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# അക്കാദമിക് പ്ലാൻ 2025 - 26

**ഭാഷ**

| പ്രവർത്തനം 1 : ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാശേഷി വികസനം. ഒന്നു മുതൽ നാലു വരെയുള്ള മുഴുവൻ കുട്ടികൾക്കും ഭാഷ സ്വായത്തമാക്കൽ. | ○ പ്രീടെസ്റ്റ് നടത്തൽ, കുട്ടികളെ കണ്ടെത്തൽ.<br>○ ടൈംടേബിൾ തയ്യാറാക്കൽ.<br>○ അക്ഷരം ഉറപ്പിക്കൽ.<br>○ അക്ഷരകാർഡ് നൽകൽ.<br>○ വാക്കുകൾ എഴുതിയ കാർഡ്.<br>○ വാക്കുകൾ നിർമ്മിക്കൽ.<br>○ ചിത്രം - അടിക്കുറിപ്പ്, കഥപറയൽ, കഥ എഴുതൽ, കഥ ബാക്കി പറയൽ.<br>○ പ്രൊജക്ടറിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ, കഥാപാത്രങ്ങൾ എഴുതൽ.<br>○ ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്.<br>○ പിന്നോക്കം നിൽക്കുന്നവർക്കുള്ള പ്രത്യേക പരിശീലനം. | ജൂൺ ആദ്യവാരം<br><br>ജൂൺ - ജൂലായ്<br><br>ആഗസ്ത് - മാർച്ച് | ക്ലാസ്സ് ടീച്ചർ,<br>ഹെഡ്മാസ്റ്റർ,<br>പി ടി എ,<br>എസ് ആർ ജി | പി ടി എ |

## ഗണിതം

| പ്രവർത്തനം 1 : ഗണിതം മധുരം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ. | ○ ഗണിതലാബ് ഒരുക്കൽ.<br>○ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ക്ലാസ്സ് മുറികൾ സജ്ജമാക്കൽ.<br>○ ഗണിതോത്സവം സംഘടിപ്പിക്കൽ.<br>○ ലാബിൽ വെച്ച് ഗണിതപഠനം നടത്തൽ.<br>○ ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ.<br>○ മനകണക്ക്, കുസൃതി കണക്ക്, കളിപ്പെട്ടി.<br>○ പിന്നോക്കക്കാർക്ക് പരിശീലനം. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ,<br>ഹെഡ്മാസ്റ്റർ,<br>പി ടി എ,<br>എസ് ആർ ജി | പി ടി എ |

## ഇംഗ്ലീഷ്

| പ്രവർത്തനം 1 : ഇംഗ്ലീഷ് അസംബ്ലി | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | മാസത്തിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക. | മാസത്തിൽ രണ്ട് ദിവസം | ക്ലാസ്സ് ടീച്ചർ | പി ടി എ |

| പ്രവർത്തനം : ഇംഗ്ലീഷ് കോർണർ | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | ○ ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണ ങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ.<br>○ ഇംഗ്ലീഷ് വാർത്താ ബോർഡ്.<br>○ ആഴ്ചയിൽ ഒരിക്കൽ ഇഗ്ലീഷ് ഡോക്യുമെന്ററി പ്രദർശനം. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | പി ടി എ |

## ശാസ്ത്രം

| പ്രവർത്തനം 1 : ശാസ്ത്രകൗതുകം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ലഘുപരീക്ഷണങ്ങളി ലൂടെ ശാസ്ത്ര അഭിരുചി വളർത്തൽ. | ○ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>○ കുട്ടികളിൽ കൗതുകങ്ങൾ ഉണർത്തുന്ന രീതിയിൽ പ്രകൃതിയിലെ വസ്തുക്കൾ പ്രയോജനപ്പെടുത്തി പരീക്ഷണങ്ങളിൽ ഏർപ്പെടൽ.<br>○ ലഘു പരീക്ഷണങ്ങളിൽ എർപ്പെടുകയും കുറിപ്പ് തയ്യാറാക്കലും.<br>○ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ.<br>○ പ്രകൃതി നടത്തം, കൃഷിസ്ഥലം, കുളം etc.<br>○ ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ ലഘുപരീക്ഷണങ്ങൾ അസംബ്ലിയിൽ പൊതുവായി പ്രദർശിപ്പിക്കൽ | ജൂൺ - മാർച്ച് | എല്ലാ ക്ലാസ്സ് ടീച്ചേഴ്സിനും | പി ടി എ |

| പ്രവർത്തനം : ജൈവ വൈവിധ്യ പാർക്ക് | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | ○ സ്കൂൾ കോമ്പൗണ്ടിനെ ജൈവവൈവിധ്യ പാർക്കായി മാറ്റുക.<br>○ ശലഭോദ്യാനം<br>○ പരീക്ഷണങ്ങൾ മാജിക് രൂപത്തിൽ പരിചയപ്പെടുത്തുന്നു.<br>○ ചുറ്റുപാടുകളെ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ<br>○ പച്ചത്തുരുത്ത് – ഔഷധത്തോട്ട നിർമ്മാണം<br>○ ഇന്ദ്രിയാനുഭവങ്ങൾ ഉണ്ടാക്കൽ | ജൂൺ - സെപ്തംബർ | ക്ലാസ്സ് ടീച്ചർ, ഹെഡ്മാസ്റ്റർ | മാനേജർ |

| പ്രവർത്തനം : പച്ചക്കറിത്തോട്ടം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ. | ○ വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ പച്ചക്കറിത്തോട്ടം ഒരുക്കൽ.<br>○ കർഷകരുമായി അഭിമുഖം.<br>○ ഫീൽഡ് ട്രിപ്പ്.<br>○ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലാസ്സ് ടീച്ചർ, ഹെഡ്മാസ്റ്റർ, പി ടി എ | കൃഷിവകുപ്പ് |

| പ്രവർത്തനം : ക്ലാസ് പി. ടി. എ. സജീവമാക്കൽ | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ. | ○ ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വെച്ച് കൃത്യമായി ചേരൽ.<br>○ പഠനപുരോഗതി പരിശോധിക്കൽ.<br>○ മികവുകളുടെ അവതരണം.<br>○ പൊതുചർച്ച. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | പി ടി എ |

| പ്രവർത്തനം : ക്ലാസ്സ് ലൈബ്രറി നവീകരണം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കൽ. | ○ ജന്മദിനത്തിൽ ഒരു പുസ്തകം നൽകൽ.<br>○ ആഴ്ചയിൽ ഒരു ദിവസം പുസ്തകം വിതരണം ചെയ്ത് ആസ്വാദനക്കുറിപ്പ്, വായനാ കുറിപ്പ് എഴുതിക്കൽ, അവതരിപ്പിക്കൽ.<br>○ ലൈബ്രറി ക്രമീകരണം | ജൂൺ - മാർച്ച് | പി ടി എ, സ്റ്റാഫ് | പി ടി എ |

| കലാകായിക പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കലാകായിക പ്രവർത്തിപരിചയ പ്രവർത്തനങ്ങൾ മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന കുട്ടികളുടെ മാനസിക ഉല്ലാസം. | ○ ലഘുവ്യായാമങ്ങൾ (ഏറോ ബിക്സ്)<br>○ പൂന്തോട്ട നിർമ്മാണം, കൃഷി ഇവയിൽ പങ്കാളികളാവൽ.<br>○ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാവൽ.<br>○ കുട്ടികൾക്ക് കളിക്കുവാൻ പാർക്ക് നിർമ്മാണം.<br>○ ആഴ്ചയിൽ ഒരിക്കൽ യോഗ ക്ലാസ്സ്, സുംബ ഡാൻസ് പരിശീലനം. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ,<br>ഹെഡ്മാസ്റ്റർ,<br>പി ടി എ | മാനേജർ ,<br>പി ടി എ |

| പ്രവർത്തനം 3 : പാട്ടരങ്ങ് | | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| താളം മനസ്സിലാക്കി കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | ○ പാട്ടരങ്ങ് ഏകദിന ശില്പശാല.<br>○ കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ.<br>○ പ്രാദേശിക റിസോർസ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.<br>○ പാട്ടരങ്ങ് ആവിഷ്കാരം.<br>○ നാടൻ പാട്ടുകളും താളങ്ങളും ചൊല്ലിരസിക്കൽ. | ജൂൺ - ആഗസ്റ്റ്<br><br>സെപ്തംബർ - ഡിസംബർ<br><br>ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ,<br>ഹെഡ്മാസ്റ്റർ,<br>പി ടി എ |

| പ്രവർത്തനം 4 : സംയുക്ത ഡയറി | | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. അവ എഴുത്തിലൂടെ പ്രകടിപ്പികാനുള്ള ശേഷി നേടുന്നു.<br>ഭാഷാശേഷി വികസിപ്പിക്കുന്നു. | ○ ക്ലാസ്സ് പി ടി എ യിൽ ഡയറി എഴുത്തിന്റെ ഘടന പറയുന്നു.<br>○ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.<br>○ ഡയറി എഴുത്ത് ആരംഭിക്കുന്നു. കൗതുകമുള്ളവ പങ്കുവയ്ക്കുന്നു.<br>○ സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക്. | ജൂൺ - ജൂലൈ<br><br>ആഗസ്ത് | ക്ലാസ്സ് ടീച്ചർ,<br>ഹെഡ്മാസ്റ്റർ,<br>പി ടി എ |

| പ്രവർത്തനം 5 : റീഡേഴ്സ് തിയേറ്റർ | | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| എല്ലാ ക്ലാസ്സിലേയും മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു. ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു. | ○ എസ്.ആർ.ജി., പിടിഎ പിന്തുണ ഉറപ്പാക്കൽ.<br>○ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല.<br>○ മികച്ച അവതരണങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം.<br>○ ഭാഷോത്സവത്തിൽ റീഡേഴ്സ് തീയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം. | ജൂൺ<br>ജൂലൈ<br>ആഗസ്ത്<br>ഒക്ടോബർ | ടീച്ചർ, ഹെഡ്മാസ്റ്റർ,<br>പി ടി എ |

**പ്രവർത്തനം 6 : രചനോത്സവം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. രചനാപ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗിക്കുന്നു. രചനാതല പ്രവർത്തനങ്ങൾ. | ○ എസ്.ആർ.ജി., പി.ടി.എ പിന്തുണ ഉറപ്പുവരുത്തുന്നു. പ്രാദേശിക കലാസാഹിത്യകാരന്മാരെ ഉറപ്പുവരുത്തുന്നു.<br>○ അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് തയ്യാറാക്കുന്നു.<br>○ സാമൂഹിക പങ്കാളിത്തം.<br>○ ഭാഷോത്സവം സംഘടിപ്പിക്കുന്നു. | ജൂൺ - ജൂലൈ | ടീച്ചർ, ഹെഡ്മാസ്റ്റർ, പി ടി എ |

**പ്രവർത്തനം 7 : ഭാഷോത്സവം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുക. ആശയങ്ങൾ വിവിധ വ്യവഹാരമായി അവതരിപ്പിക്കൽ. | ○ എസ്.ആർ.ജി., പി.ടി.എ എന്നിവരുടെ പിന്തുണ ഉറപ്പാക്കുന്നു.<br>○ പ്രാദേശിക കലാസാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.<br>○ ഭാഷോത്സവം സംഘടിപ്പിക്കുക. | ജൂൺ - ജൂലൈ<br>ആഗസ്ത്<br>ജനുവരി | ഹെഡ്മാസ്റ്റർ, പി ടി എ, എസ് ആർ ജി, എസ് എസ് കെ |

| പ്രവർത്തനം 8 : സ്കൂൾ അസംബ്ലി | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ബാലസാഹിത്യ കൃതികൾ പരിചയപ്പെടൽ. | ○ ഓരോ ക്ലാസ്സിലേയും ഒരു കുട്ടി ഒരു ബാലസാഹിത്യ മാസിക അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു.<br>○ വായനാനുഭവം പങ്കുവയ്ക്കൽ.<br>○ വായനാക്കുറിപ്പ് അവതരണം.<br>○ ക്ലാസ്സ് പതിപ്പുകളുടെ പ്രകാശനം.<br>○ അമ്മ വായന.<br>○ കഥയരങ്ങ്. | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ്സ് ടീച്ചർ, ഹെഡ്മാസ്റ്റർ | |

| പ്രവർത്തനം 9 : വായനാക്കൂട്ടം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| നല്ല വായന, നല്ല പഠനം, നല്ല ജീവിതം. | ○ ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ.<br>○ വായനാമൂല.<br>○ വായനോത്സവം സംഘടിപ്പിക്കൽ.<br>○ വായനാനുഭവം പങ്കുവെക്കൽ.<br>○ വായനാക്കുറിപ്പ്.<br>○ പതിപ്പ്, ബാലസഭ<br>○ പത്രവായന<br>○ ദിനാചരണം<br>○ ആസ്വാദകരമായ വായന | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ, ഹെഡ്മാസ്റ്റർ | പി ടി എ |

| പ്രവർത്തനം 10 : അഭിമുഖം | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സർഗ്ഗശേഷികളുടെ പരിപോഷണം. | ○ പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ.<br>○ സാഹിത്യകാരന്മാരെ അറിയൽ.<br>○ ഇൻസ്റ്റലേഷൻ ആർട്ട്. | വർഷത്തിൽ രണ്ട് പ്രാവശ്യം | ക്ലാസ്സ് ടീച്ചർ,<br>ഹെഡ്മാസ്റ്റർ,<br>പി ടി എ,<br>എസ് ആർ ജി | |

| പ്രവർത്തനം 11 : നാടകക്കളരി | | | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിൽ മാറ്റൽ. | ○ പരിചയപ്പെട്ടിട്ടുള്ള വിവിധ ബാലസാഹിത്യ നോവലുകൾ, ചെറുകഥ എന്നിവയുടെ നാടകാവിഷ്കരണം.<br>○ മറ്റു വ്യവഹാരരൂപങ്ങളിലേക്ക് മാറ്റൽ, വായനചങ്ങാത്തം.<br>○ ഐടി സാധ്യത ഉപയോഗപ്പെടുത്തി വ്യത്യസ്ത വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നു. | | ക്ലാസ്സ് ടീച്ചർ,<br>ഹെഡ്മാസ്റ്റർ | പി ടി എ |